# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32 — 29.06.2015 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിൽ പലിശരഹിത ഹ്രസ്വകാല കാർഷിക വായ്പാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ടി.എൻ. പ്രതാപൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകന് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) സഹകരണ മേഖലയിൽ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/ നാമമാത്ര കർഷകർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളൂ. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷിക ആവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. മേൽ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് മാത്രമേ പലിശ സബ്സിഡി/ഇളവിന് അർഹതയുള്ളൂ.<br>ഇതിന് പുറമെ നെൽകൃഷിക്ക് എടുത്ത വായ്പ യഥാസമയം തിരിച്ചടവ് നടത്തുന്നവർക്കും പലിശ സബ്സിഡി അനുവദിച്ച വരുന്നുണ്ട്. |

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്ന ആനുകൂല്യങ്ങളുടെയും സഹായങ്ങളുടെയും വിശദാംശങ്ങൾ നൽകുമോ;ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ?

(ബി) ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക കാലാവധിക്കുള്ളിൽ കുടിശ്ശിക ഇല്ലാതെ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽ നിന്നും ലഭിക്കുന്ന പരമാവധി 3% പലിശ സബ്സിഡി കഴിച്ച് പരമാവധി 5% പലിശ സബ്സിഡി സംസ്ഥാന സർക്കാർ ഉത്തേജന പലിശ ഇളവ് പദ്ധതിയിൽപ്പെടുത്തി അനുവദിക്കുന്നുണ്ട്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി 4% പലിശയാണ് സബ്സിഡി ആയി അനുവദിക്കുന്നത്.

നെൽകൃഷിക്ക് വായ്പ എടുത്ത കർഷകരിൽ യഥാസമയം തിരിച്ചടവ് നടത്തുന്നവർക്കും 7% പലിശ സബ്സിഡിയായി അനുവദിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നീ ബാങ്കുകളിലാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ